## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2684 9-3-2017 ൽ മറുപടിക്ക്

### തൊഴിൽ നൈപുണ്യ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി വീണാ ജോർജ്ജ് | | ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി |
| എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് തൊഴിൽ നൈപുണ്യം നേടുന്നതിനുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | പട്ടികജാതി വികസന വകുപ്പ്<br><br>സംസ്ഥാനത്തെ പട്ടികജാതി സമുദായത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് തൊഴിൽ നൈപുണ്യം നേടുന്നതിലേയ്ക്കായി എക്സ്റേ വെൽഡിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, സ്റ്റീൽ സ്ട്രക്ചറൽ ഫാബ്രിക്കേഷൻ ഫോർക്ക് ലിഫ്റ്റ് ക്രെയിൻ, ജെ.സി.ബി, ഇലക്ട്രിക്കൽ വയറിംഗ്, ഡി.റ്റി.പി, ടെയ്ലറിംഗ് & എംബ്രോയിഡറി, പ്ലാസ്റ്റിക് പ്രോഡക്റ്റ് ഡിസൈനിംഗ് & ഡെവലപ്പ്മെൻറ്, LED ബൾബ് നിർമ്മാണം, സോഫ്റ്റ് വെയർ വികസന പരിശീലനം, മറ്റ് IT related കോഴ്സുകൾ, മറ്റ് സോഫ്റ്റ് സ്കിൽ പരിശീലന പരിപാടികളും വകുപ്പ് നേരിട്ടും പ്രത്യേക ഏജൻസികൾ വഴിയും ട്രെയിനിംഗ് നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | <u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br>സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവാക്കൾക്ക് 'സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം ' എന്ന ബഡ്ജറ്റ് ശീർഷക പ്രകാരം വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ സ്വയം തൊഴിലിനുള്ള ധനസഹായം നൽകിവരുന്നു. കൂടാതെ വിവിധ സ്കീമുകളായ കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275 (1) , എസ്.സി.എ. ടു ടി.എസ് .പി. കേന്ദ്ര സർക്കാരിന്റെ ധനസഹായം മുഖേനയും പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ വികസനം നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ അവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി | അതിനായി ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ അവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | ബി | മിൽമയുമായി സഹകരിച്ച് ഐസ്ക്രീം കനോപ്പി എന്ന പേരിൽ സഞ്ചരിക്കുന്ന വിൽപ്പനശാലയ്ക്ക് രൂപം നൽകിയിട്ടുണ്ട്. (എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിലായി 40 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുകയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.<br><br>ഇതിനുപുറമെ പരമ്പരാഗത കന്നുകാലി വളർത്തൽ പദ്ധതിയിലൂടെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി പശു വളർത്തൽ കേന്ദ്രങ്ങൾ എറണാകുളം (50 കുടുംബങ്ങൾ) കാസറഗോഡ് (100 കുടുംബങ്ങൾ) തുടങ്ങിയ ജില്ലകളിൽ പ്രവർത്തനം ആരംഭിക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. കുടുംബശ്രീ മുഖേനഅട്ടപ്പാടിയിൽ പട്ടികവർഗ വനിതകൾക്ക് വിത്ത് വിതരണ പദ്ധതിയുടെ ഭാഗമായി 18.71 ലക്ഷം രൂപയുടെ പദ്ധതിക്കും കൂടാതെ കുടുംബശ്രീ മുഖേന പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതിക്കായി സ്വയംസഹായ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് 350 ലക്ഷം രൂപക്കും സർക്കാർ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അട്ടപ്പാടി തുടങ്ങിയ മേഖലകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഈ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനും കുടുംബശ്രീയുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുമായി സഹകരിച്ച് അവരുടെ ഉൽപ്പന്നങ്ങളുടെ കച്ചവടകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണ മേഖലയിൽ തൊഴിൽ അവസരങ്ങൾ പട്ടികവർഗക്കാർക്ക് ലഭിക്കുന്നതിനായി ബയോപോളിമർ സയൻസ് ആൻറ് ടെക്നോളജി എന്ന സ്ഥാപനവുമായി സഹകരിച്ച് 75 പേർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള പദ്ധതി പ്രാരംഭഘട്ടത്തിലാണ്. ഇപ്രകാരം പരമ്പരാഗത തൊഴിൽ മേഖലയിലും ആധുനിക മേഖലയിലുണ്ടാകുന്ന തൊഴിൽ അവസരങ്ങൾ ഒരുപോലെ പട്ടികവർഗക്കാർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചുവരുന്നത്. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന 250 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ ഡിപ്ലോമ കോഴ്സിനും 100 വിദ്യാർത്ഥികൾക്ക് 3 വർഷത്തെ ഡിപ്ലോമ കോഴ്സിനും പരിശീലനം നൽകി വരുന്നു.<br><br>ഇലക് ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന അട്ടപ്പാടിയിലെ 50 പട്ടികവർഗക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം (DCA) നടപ്പാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. ഇതിനു പുറമെ പട്ടികവർഗക്കാർക്ക് അവരിഷ്ടപ്പെടുന്ന മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായം വകുപ്പ് നേരിട്ട് നൽകിവരുന്നു. 2016-17 വർഷത്തിൽ സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്മെൻറ് എന്ന സർക്കാർ സ്ഥാപനവുമായി സഹകരിച്ച് 640 പേർക്ക് നൈപുണ്യ വികസനത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമായി 334.10 ലക്ഷം രൂപ ചെലവ് വരുന്ന ഒരു പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എ.എസ്.എ.പി. പോലുള്ള പദ്ധതികളുടെയും |

| | | | |
|---|---|---|---|
| | | | പ്രത്യേക നൈപുണ്യ വികസന പദ്ധതികളിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്ക് വിവിധ തൊഴിലധിഷ്ഠിത പരിശീലനം നൽകിവരുന്നു |

സെക്ഷൻ ഓഫീസർ